**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്.കെൽട്രോൺ 2024-25 സാമ്പത്തിക വർഷം ഏറ്റവും ഉയർന്ന വിറ്റുവരവ് കൈവരിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ നേടിയ 643 കോടിയുടെ വിറ്റു വരവ്, 2024-25 സാമ്പത്തിക വർഷത്തിൽ 1056 കോടി രൂപയായി ഉയരുകയും, 2023-24-ൽ നേടിയ 14 കോടി രൂപയുടെ ലാഭം 2024-25 വർഷത്തിൽ 28 കോടി രൂപയായി ഉയരുകയും ചെയ്തു. 200 കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള കമ്പനികളുടെ വിഭാഗത്തിൽ കെൽട്രോണിന് 2024-25-ൽ മികച്ച പൊതുമേഖലാ സ്ഥാപനത്തിനുള്ള അവാർഡും ലഭിക്കുകയുണ്ടായി.** |
| (ബി) | സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലും പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കെൽട്രോൺ വഹിക്കുന്ന പങ്ക് വിശദമാക്കുമോ ; | (ബി) | **<u>ഇലക്ട്രോണിക് വ്യവസായ മേഖല</u>**<br>• **ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം, സ്മാർട്ട് ട്രാഫിക് കൺട്രോളർ, സംവാദ സംവിധാനങ്ങൾ, മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ഹിയറിംഗ് എയ്ഡ് തുടങ്ങിയവയാണ് കെൽട്രോൺ നിർമ്മിക്കുന്ന പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ.**<br>• **കൂടാതെ മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ പുതുതായി പുറത്തിറക്കിയ ഉത്പന്നങ്ങളാണ് ബ്ലൂടൂത്ത് ഹിയറിംഗ് എയ്ഡ്, റേഡിയന്റ് ബേബി വാർമർ, ഇൻഫന്റ് വാർമിംഗ് റാപ്പർ എന്നിവ.**<br>• **ഇന്റലിജന്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം കെൽട്രോൺ മുഖേന സിംബാബെയിൽ നടപ്പാക്കുന്നതിലൂടെ ഇലക്ട്രോണിക് വ്യവസായ രംഗത്തുള്ള കയറ്റുമതി ലക്ഷ്യമിടുന്നു.** |

| | | | |
|---|---|---|---|
| | | | • **വിയറ്റ്നാം നേവിയുടെ അന്തർ വാഹിനികളിൽ ഉപയോഗി-ക്കുന്നതിനായി ഇന്ത്യയിൽ നിർമ്മിക്കുന്ന ആദ്യത്തെ ലോ ഫ്രീക്വൻസി അൾട്രാസോണിക് ട്രാൻസ്ഡ്യൂസർ എലമെന്റ് നൽകുന്നതിനുള്ള ഓർഡർ കെൽട്രോണിന് ലഭിച്ചിട്ടുണ്ട്.**<br><br>**പ്രതിരോധ മേഖല :-**<br><br>• പ്രതിരോധ മേഖലയിൽ എക്കോസൗണ്ടർ, ഇ.എം ലോഗ്, Towed Array, കാവിറ്റേഷൻ മീറ്റർ, അഡ്വാൻസ്ഡ് ഡിസ്ട്രസ് സോണാർ സിസ്റ്റം, ഡേറ്റ ഡിസ്ട്രിബ്യൂഷൻ യൂണിറ്റ്, സോണാർ പവർ ആംപ്ലിഫയർ, അണ്ടർ വാട്ടർ അക്കൗസ്റ്റിക് കമ്മ്യൂണിക്കേഷൻ സിസ്റ്റം, Sonobuoy, ട്രാൻസ്ഡ്യൂസർ എലമെന്റ്, ഹൈഡ്രോഫോൺ എന്നീ ഉല്പന്നങ്ങൾ ആണ് കെൽട്രോൺ നിർമ്മിച്ച് നൽകുന്നത്.<br>• ഓട്ടോണമസ് അണ്ടർ വാട്ടർ വെസ്സൽസിനുള്ള സോണാർ സിസ്റ്റത്തിന്റെ ഓർഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനം പുരോഗമിക്കുന്നു.<br>• നിലവിൽ ഇറക്കുമതി ചെയ്തു വരുന്ന, സബ്മറൈൻ കപ്പലുകൾക്ക് വേണ്ട ഇഎം ലോഗ് നിർമ്മിച്ചു നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും കെൽട്രോൺ തുടക്കം കുറിച്ചിട്ടുണ്ട്.<br>• **യു.എസ്.എയിൽ നിന്നും നിലവിൽ ഇറക്കുമതി ചെയ്തു വരുന്ന Sonobuoy, NPOL സാങ്കേതികവിദ്യ ഉപയോഗ-പ്പെടുത്തി കെൽട്രോൺ നിർമ്മിച്ചു നൽകിയിട്ടുണ്ട്.** |
| (സി) | കെൽട്രോൺ നിർമ്മിക്കുന്ന എ. ഐ. ക്യാമറയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br><br>സേഫ് കേരള പദ്ധതിയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വസ്തുതാപരമല്ലെന്നും യാതൊരു തെളിവും ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും കണ്ടെത്തി-ക്കൊണ്ട് 27/08/2025 -ലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി കേസ് തള്ളിയിട്ടുള്ളതാണ്. യാതൊരു തെളിവും കൂടാതെ ആരോപണങ്ങൾ ഉന്നയിച്ച് സർക്കാർ പദ്ധതികളെ തടസ്സപ്പെടുത്തുവാൻ ശ്രമിച്ചത് സംസ്ഥാന താല്പര്യങ്ങൾക്ക് ഗുണകരമല്ലെന്ന് പ്രസ്തുത ഹൈക്കോടതി വിധിയിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | കണ്ണൂരിലെ കെൽട്രോണിൽ ആരംഭിച്ച സൂപ്പർ കപ്പാസിറ്റർ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; ഇവ ഉപയോഗിച്ച് എന്തെങ്കിലും അനുബന്ധ ഉല്പന്നങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇന്ത്യയിലെ ആദ്യ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ ഉദ്ഘാടനം 2024 ഒക്ടോബർ 1-ന് നടക്കുകയും, പൈലറ്റ് പ്രൊഡക്ഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 10 മാസകാലത്തിനിടയിൽ ഏതാണ്ട് അമ്പതോളം കസ്റ്റമേഴ്സിനായി 37000-ത്തോളം സൂപ്പർ കപ്പാസിറ്ററുകൾ ഏകദേശം 13 ലക്ഷം രൂപയ്ക്ക് വില്പന നടത്തിയിട്ടുണ്ട്.<br><br>സ്മാർട്ട് എനർജി മീറ്റർ, സ്മാർട്ട് വാട്ടർ മീറ്റർ തുടങ്ങിയ ഉപകരണങ്ങളിലും മിക്ക IoT ആപ്ലിക്കേഷനുകളിലും സൂപ്പർകപ്പാസിറ്റർ ഒരു അനുപേക്ഷീയ ഘടകമായതിനാൽ ഇവയുടെ വിപണന സാധ്യത വളരെ കൂടുതലാണ്.<br><br>സൂപ്പർകപ്പാസിറ്റർ പവേർഡ് ജംപ് സ്റ്റാർട്ടർ, സൂപ്പർകപ്പാസിറ്റർ ഉപയോഗിക്കുന്ന ഇലക്ട്രിക് ട്രോളി, ഇലക്ട്രിക് വീൽ ചെയർ എന്നീ 3 പുതിയ പ്രൊഡക്ടുകൾ വിപണനത്തിനായി വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ